(സി) വിദേശമദ്യം വിൽക്കുവാനനുവദിച്ചിട്ടുള്ള ക്ലബ്ബുകൾ സംസ്ഥാനത്തുണ്ടോ;

(ഡി) എത്ര ബിയർ പാർലറുകളാണ് സംസ്ഥാനത്തുള്ളത്;

(ഇ) പുതുതായി ബിയർ പാർലറുകളും ബാർ ഹോട്ടലുകളും ഇൻഡ്യൻ നിർമ്മിത വിദേശമദ്യം വിൽക്കുന്ന റീട്ടെയിൽ ഔട്ട്ലെറ്റുകളും തുടങ്ങാനുദ്ദേശമുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 351.

(ബി) 503.

(സി) അംഗങ്ങൾക്കും അതിഥികൾക്കും വിദേശമദ്യം വിൽക്കുവാൻ അനുവദിച്ചിട്ടുള്ള ക്ലബ്ബുകൾ സംസ്ഥാനത്തുണ്ട്.

(ഡി) 43.

(ഇ) മൂന്നു സ്റ്റാറിനും അതിനു മുകളിലും സ്റ്റാർ ക്ലാസിഫിക്കേഷൻ ഉള്ള ഹോട്ടലുകൾക്കും, ഹെറിറ്റേജ് വിഭാഗത്തിൽപ്പെടുന്ന ഹോട്ടലുകൾക്കും ബാർ ലൈസൻസ് അനുവദിക്കുന്നുണ്ട്. സർക്കാർ വിജ്ഞാപനം ചെയ്ത ടൂറിസ്റ്റ് സെന്ററുകളിൽ ബിയർ പാർലറുകൾ അനുവദിക്കുന്നുണ്ട്. ഇൻഡ്യൻ നിർമ്മിത വിദേശമദ്യ വിൽപ്പന ശാലകൾ തുടങ്ങുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല.

സ്പിരിറ്റ് കള്ളക്കടത്ത് കേസ്സുകൾ

45 [1052] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം സംസ്ഥാനത്ത് എത്ര സ്പിരിറ്റ് കള്ളക്കടത്ത് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് ചെക്ക്പോസ്റ്റുകളിൽ കാര്യക്ഷമമായ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് പറയുമ്പോഴും ചെക്ക്പോസ്റ്റുകൾവഴി ഇപ്രകാരം സ്പിരിറ്റ് കടത്തുന്നതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസ്സുകളിൽ എത്രയെണ്ണം കോടതികളിൽ ഫയൽ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ഡി) സ്പിരിറ്റ് കള്ളക്കടത്ത് കേസ്സുകളിൽ കോടതിയിൽ നടപടികൾ എത്തിക്കുന്നതിൽ എക്സൈസ് വകുപ്പിൽ കാലതാമസം ഉണ്ടാകാറുണ്ടോ;

(ഇ) എങ്കിൽ ഇത്തരം കാലതാമസം പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് ഈ വർഷം (2004) ഒമ്പത് സ്പിരിറ്റ് കള്ളക്കടത്ത് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ താഴെ ചേർക്കുന്നു:

കൊല്ലം	..	1
പത്തനംതിട്ട	..	1
ആലപ്പുഴ	..	2
ഇടുക്കി	..	3
പാലക്കാട്	..	1
മലപ്പുറം	..	1
ആകെ	..	9

മറ്റു ജില്ലകളിൽ കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടില്ല.

(ബി) ചെക്ക്പോസ്റ്റുകളിൽ ആധുനിക ഉപകരണങ്ങളുടെ ഇല്ലായ്മ, അവയിലൂടെ കടന്നുപോകുന്ന വാഹനങ്ങളുടെ ബാഹുല്യം, ചരക്കുകൾ മുഴുവൻ ഇറക്കി വാഹന പരിശോധന നടത്തുവാനുള്ള സാങ്കേതിക ബുദ്ധിമുട്ട്, മൈനർ ചെക്ക് പോസ്റ്റുകളിലെ അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് എന്നിവ ഇതിന് കാരണങ്ങളാണ്.

(സി) മൂന്നു കേസ്സുകൾ ഫയൽ ചെയ്തിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) ഉദിക്കുന്നില്ല.

എക്സൈസ് വകുപ്പ് പിടിച്ചെടുത്ത ചാരായം

46 [1053] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003 ജൂലായ് 28-ന് കാസർഗോഡ് ജില്ലയിൽ കുറ്റിക്കോൽ പഞ്ചായത്തിൽ ചൂരിത്തോട് പേര കുഞ്ഞമ്പു നായരുടെ സ്ഥലത്തുനിന്ന് കെ.എൽ.7-എസ് 7146 ജീപ്പിൽ കടത്തുകയായിരുന്ന 4500 പാക്കറ്റ് ചാരായം എക്സൈസ് വകുപ്പ് പിടിച്ചെടുത്ത കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് ഏതെങ്കിലും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(സി) ആരൊക്കെയാണ് ഇതിൽ പ്രതികൾ എന്ന് വ്യക്തമാക്കാമോ;

(ഡി) പ്രതികളിൽ ആരെയെങ്കിലും ഇതുവരെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത ചാരായം കടത്തുമായി ബന്ധപ്പെട്ടുള്ള കെ.എൽ. 7-എസ്. 7146 ജീപ്പ് ഇപ്പോൾ എക്സൈസിന്റെ കസ്റ്റഡിയിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly